**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2079** **20-01-2021 - ൽ മറുപടിയ്ക്ക്**

**പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . ഉമ്മർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാരിന്റെ പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക് എന്ന മൊബൈൽ ആപ്ലിക്കേഷൻ ഫലപ്രദമായി തന്നെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് അവസാനമായി അപ്ഡേറ്റ് ചെയ്തത് എന്നാണെന്ന് അറിയിക്കുമോ; ഇതിന്റെ ഡേറ്റാ ബേസ് അപ്ഡേറ്റ് ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ; | (എ) | പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക് എന്ന മൊബൈൽ ആപ്ലിക്കേഷൻ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ 16.01.2021-ന് അപ്ഡേറ്റഡ് വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ റിസർച്ച് & റഫറൻസ് വിഭാഗത്തിനാണ് മൊബൈൽ ആപ്ലിക്കേഷന്റെ അപ്ഡേഷൻ ചുമതല. |
| (ബി) | ഈ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനും അതിന്റെ തുടർ പരിപാലനത്തിനുമായി സർക്കാരിന് ചെലവായ തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ നിലവിൽ ലഭ്യമാകുന്ന പല വിവരങ്ങളും കാലഹരണപ്പെട്ടവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അപ്ഡേറ്റ് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് വേണ്ടി അച്ചടി മാധ്യമ വാർത്തകൾ, മീഡിയ ഡയറക്ടറി (മീഡിയ ഹാൻഡ് ബുക്ക്) എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കുന്നതിന് ഒരു വർഷത്തെ ആന്വൽ മെയിന്റനൻസ് ചാർജ് ഉൾപ്പെടെ അഞ്ച് ലക്ഷം രൂപ ചെലവായിട്ടുണ്ട്. തുടർന്ന് 09.07.2019 മുതൽ 09.07.2020 വരെയുള്ള ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഇനത്തിൽ നികുതി ഉൾപ്പെടെ 59,000/- രൂപയും നാളിതുവരെ ചെലവായിട്ടുണ്ട്. ടി മൊബൈൽ ആപ്ലിക്കേഷനിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ